**D3AML2303** **(2 Pages)** **Name............................**
**Reg.No..........................**

**THIRD SEMESTER M.A. DEGREE EXAMINATION, NOVEMBER 2024**
**(Regular/Improvement/Supplementary)**
**MALAYALAM**
**FMAL3E04 – പരിസ്ഥിതി – സ്ത്രീ –ദളിത് സാഹിത്യം**

**Time: 3 Hours** **Maximum Weightage: 30**

**ഭാഗം I: 1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 വെയ്റ്റേജ് വീതം.**

1. ജീവിതം കൊണ്ട് മാത്രം തലയെടുപ്പ് നേടുമെന്ന് വാശിയുള്ളവർ. വിവക്ഷ എന്ത് ?
2. പുഴ ദൈവം കല്ല് എന്ന കവിത മുന്നോട്ട് വയ്ക്കുന്ന ദർശനങ്ങൾ ഏവ?
3. ആസന്ന ഭാവിയിലെ ആഗോള രാഷ്ട്രീയം പരിസ്ഥിതി രാഷ്ട്രീയമാണ്. ഡോ. ടി. പി. സുകുമാരന്റെ അഭിപ്രായത്തിന്റെ പൊരുൾ പരിശോധിക്കുക.
4. കാടിന്റെ മക്കളെ നെഞ്ചോട് ചേർത്ത് പിടിക്കുന്നതിന്റെ ദൃശ്യം രാമച്ചിയിൽ ഉണ്ടോ? പരിശോധിക്കുക.
5. ഇവർക്ക് ഈ സ്വകാര്യ സ്വത്തായ രണ്ടേക്കർ സ്ഥലത്ത് എന്താണ് അവകാശം. സന്ദർഭം വിശദമാക്കുക.
6. സമൂഹത്തിന്റെ കാപട്യം, മനുഷ്യവിരുദ്ധത എന്നിവ ഒഴിവുദിവസത്തെ കളിയിൽ എങ്ങനെയാണ് ദൃശ്യവ ൽക്കരിച്ചിരിക്കുന്നത് ?
7. ഇലകൾ കൊഴിയുന്നു ആണ്ടറുതിയാകുന്നു. പ്രണയം പകയ്ക്കുന്നു. ഇവിടെ വിവക്ഷിതമെന്ത് ?

**(4 x 2= 8 വെയ്റ്റേജ്)**

**ഭാഗം II: 8 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് 4 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 3 വെയ്റ്റേജ് വീതം.**

8. 'അരജീവിതങ്ങളുടെ സ്വർഗം' മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയ ദർശനങ്ങളേവ?
9. പാരിസ്ഥിതിക കലയുടെ ഉദയത്തിന് തികച്ചും അനുയോജ്യമായ അന്തരീക്ഷം കേരളത്തിൽ ഉണ്ട്. ജി. മധുസൂദനന്റെ ഈ അഭിപ്രായം പരിശോധിക്കുക.
10. പുതിയ സാഹിത്യം പുതിയ കല പുതിയ സ്ത്രീത്വം– ഈ മാറ്റങ്ങളെ പെണ്ണെഴുത്ത് എങ്ങനെയാണ് ഉൾക്കൊള്ളുന്നത് എന്നാണ് ജെ. ദേവിക സമർത്ഥിക്കുന്നത് ?
11. എം. അച്യുതന്റെ ഹരിതസാഹിത്യ ദർശനങ്ങളെ സംഗ്രഹിക്കുക.
12. 'പേരറിയാത്തവർ' അവതരിപ്പിക്കുന്ന രാഷ്ട്രീയ ദർശനമെന്ത് ?
13. ജാതി ഉച്ചനീചത്വങ്ങളുടെയും അനാചാരങ്ങളുടെയും തീവ്രത തുറന്നുകാട്ടുന്ന കൃതിയാണ് നൂറു സിംഹാസനങ്ങൾ. പരിശോധിക്കുക.
14. അധിനിവേശത്തിന്റെയും വംശഹത്യയുടെയും തലങ്ങൾ 'അടിക്കാട്ടുകളിൽ നിന്ന് അശരീരി' എന്ന കഥയിൽ ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെ?

**(4 x 3= 12 വെയ്റ്റേജ്)**

**ഭാഗം III: 15 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് 6 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും 5 വെയ്റ്റേജ് വീതം.**

15. സിയാറ്റിൽ മൂപ്പന്റെ പ്രഭാഷണം മുന്നോട്ടുവയ്ക്കുന്ന പാരിസ്ഥിതിക നൈതികതയുടെ തലങ്ങൾ വിലയിരുത്തുക.
16. ദളിത് സാഹിത്യത്തിന്റെ വ്യാപനം ഇന്ത്യയിലും മറ്റു ഭാഷകളിലും. ഉപന്യസിക്കുക.
17. പരിസ്ഥിതി, ദളിത് സ്ത്രീ എന്നിവയെ അഭിസംബോധന ചെയ്യുന്ന സിനിമകൾ, ഡോക്യുമെന്ററികൾ എന്നിവയെപ്പറ്റി ഉപന്യസിക്കുക.
18. മലയാള സാഹിത്യത്തിൽ പെണ്ണെഴുത്തിന്റെ സജീവ സാന്നിധ്യം എങ്ങനെയെന്ന് വിശദമാക്കുക.

**(2 X 5= 10 വെയ്റ്റേജ്)**